മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ *301

## സംസ്ഥാനത്തെ പേവിഷ മുക്തമാക്കാൻ നടപടി

1 (*301) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കൾ ഉൾപ്പെടെ അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനോടൊപ്പം പേബാധിത മൃഗങ്ങളുടെ കടിയേൽക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം പേവിഷവിമുക്തമോ പേവിഷനിയന്ത്രിതമോ ആക്കാനായി എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് പേവിഷത്തിനുള്ള വാക്സിൻ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തുതന്നെ ഇത്തരം വാക്സിൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) പേവിഷ നിർണ്ണയത്തിനുള്ള ആധുനിക സൗകര്യം സംസ്ഥാനത്ത് എവിടെയെങ്കിലുമുണ്ടോ; ഈ സൗകര്യം ജില്ലയിൽ ഒന്നുവീതമെങ്കിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) നായ്ക്കളുടേയും മറ്റുമൃഗങ്ങളുടേയും കടിയേൽക്കുന്നവർക്കുള്ള രോഗപ്രതിരോധ കുത്തിവയ്പ്പുകളും ഇതുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ് ചെയ്തുവരികയാണ്. വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യവും അവയുടെ കടിയേറ്റ് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന രോഗികളുടെ എണ്ണവും പേവിഷ പ്രതിരോധ മരുന്നുകളുടെ ആവശ്യകതയും മുൻനിർത്തിക്കൊണ്ട് വാർഷിക ഇൻഡന്റിനതീതമായി ആശുപത്രികൾ ആവശ്യപ്പെടുന്ന തോതിലുള്ള മരുന്ന് വിതരണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഇപ്പോൾ നടന്നുവരുന്നുണ്ട്. പേവിഷ പ്രതിരോധത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന റാബീസ് വാക്സിൻ, ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്നീ ഇനം മരുന്നുകളാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. മുൻകാലങ്ങളിൽ മെഡിക്കൽകോളേജ് മുതൽ താലൂക്ക്

ആശുപത്രിവരെ വിതരണം ചെയ്തിരുന്ന ഇക്വൈൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്ന ഇനം പട്ടികടിയേറ്റ് വരുന്നവരുടെ ഗണ്യമായ വർദ്ധനവിനെത്തുടർന്ന് പ്രാഥമിക തലത്തിലെ തെരഞ്ഞെടുത്ത ആശുപത്രികളിലും ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒക്ടോബർ 31-ഓടെ ഒന്നാം ഘട്ട വാക്സിനേഷൻ പൂർത്തിയാകും. രണ്ടാം ഘട്ടമായി എല്ലാ തെരുവുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ വന്ധ്യംകരണ (ABC) ശസ്ത്രക്രിയാ പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് അത് നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും നടത്തിവരുന്നുണ്ട്.

(ബി) നിലവിലെ സാഹചര്യം കണക്കിലെടുത്ത് ആശുപത്രികൾ ആവശ്യപ്പെടുന്ന എണ്ണം വാക്സിനുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരണശാലകളിൽ നൽകിവരുന്നു. പേവിഷ പ്രതിരോധ മരുന്നുകൾക്കും യാതൊരു കാരണവശാലും ദൗർലഭ്യം നേരിടാനുള്ള സാഹചര്യം ഉടലെടുക്കാൻ അനുവദിച്ചിട്ടില്ല.

2016-17-ൽ ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ 1.71 കോടി രൂപ മൂല്യമുള്ള തോതാണ് ആശുപത്രികൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനെതിരെ നാളിതുവരെ 1.1 കോടി രൂപ മൂല്യമുള്ള മരുന്നുകൾ ആശുപത്രികൾക്ക് നൽകിക്കഴിഞ്ഞു. ഇതിനുപുറമെ, 25 ലക്ഷം രൂപ മൂല്യമുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരണശാലകളിൽ ലഭ്യമാണ്. ടി ഇനത്തിൽ 40 ലക്ഷം രൂപയുടെ തുടർ വിതരണാനുമതി നൽകിക്കഴിഞ്ഞു.

2016-17-ൽ റാബീസ് വാക്സിൻ 4.3 കോടി രൂപയുടേതാണ് ആവശ്യകതയുണ്ടായിരുന്നത്. നാളിതുവരെ 2.3 കോടി രൂപ മൂല്യമുള്ള മരുന്നുകൾ ആശുപത്രികൾക്ക് നൽകിക്കഴിഞ്ഞു. ഇതിനുപുറമെ 65 ലക്ഷം രൂപ മൂല്യമുള്ള മരുന്നുകൾ കോർപ്പറേഷൻ സംഭരണ ശാലകളിൽ ലഭ്യമാണ്. ടി ഇനത്തിന് 31 ലക്ഷം രൂപയുടെ തുടർ വിതരണാനുമതി ഇപ്പോൾത്തന്നെ നൽകിയിട്ടുണ്ട്.

പേവിഷ പ്രതിരോധ പദ്ധതി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ് ബോർഡിൽ നിന്നും ആന്റി റാബീസ് ക്യാംപെയിനിന്റെ ഭാഗമായി ലഭിച്ച 5 കോടി രൂപ മൂല്യം വരുന്ന പേവിഷ പ്രതിരോധ മരുന്നുകളുടെ അധിക സംഭരണത്തിനായുള്ള നടപടി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ചുകഴിഞ്ഞു.

(സി) ആരോഗ്യവകുപ്പിന്റെ കീഴിൽ വാക്സിൻ നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും പരിഗണനയിലില്ല. എന്നാൽ മൃഗങ്ങൾക്കുവേണ്ടിയുള്ള വാക്സിൻ മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ എന്ന സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും പേവിഷ ബാധയുടെ രോഗ നിർണ്ണയത്തിനുള്ള സംവിധാനങ്ങൾ നിലവിലില്ല. മൃഗസംരക്ഷണ വകുപ്പിന്റെ പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും തിരുവല്ലയിലെ റീജിയണൽ ലബോറട്ടറിയിലും കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലും മൃഗങ്ങളിലെ പേവിഷബാധ നിർണ്ണയത്തിനുള്ള സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ പാലക്കാട്ടും കണ്ണൂരുമുള്ള ലബോറട്ടറികളിൽ ഇതിനുള്ള

സൗകര്യം ഒരുക്കിവരുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വളർത്തുനായ്ക്കൾക്ക് മുൻകരുതൽ എന്ന നിലയിൽ പ്രതിരോധ വാക്സിൻ എടുക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ പ്രതിരോധവാക്സിൻ എടുക്കേണ്ട അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. കടലുണ്ടി പഞ്ചായത്തിൽ മണ്ണൂർ എന്ന സ്ഥലത്ത് നാടോടികൾ താമസിക്കുന്ന ഒരു പ്രദേശത്ത് ലക്ഷ്മി എന്ന സ്ത്രീയെ നായ കടിച്ചു. ആ സ്ത്രീ പേ ഇളകി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മരണമടഞ്ഞു. ആ കുടുംബം ഇന്ന് അനാഥാവസ്ഥയിലാണ്. ആ കുടുംബത്തെ സഹായിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് പരിഗണിക്കാൻ കഴിയുന്ന കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നമ്മുടെ നാട്ടിൽ തെരുവ് നായ്ക്കളുടെ ശല്യം കൊണ്ട് മനുഷ്യർ വലിയ ബുദ്ധിമുട്ടിലാണ്. നിയമപ്രകാരമുള്ള എബിസി പദ്ധതി എന്നുപറഞ്ഞിട്ടൊന്നും കാര്യമില്ല. തെരുവുനായ്ക്കളുടെ ശല്യത്തിൽ നിന്നും മനുഷ്യരെ ഒഴിവാക്കാൻ ശക്തമായ ഒരു നിലപാട് എടുക്കാനോ ഒരു ചർച്ച നടത്തി ഒരു പുതിയ സംവിധാനം ഏർപ്പെടുത്താനോ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മൃഗസംരക്ഷണവകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ മേധാവികളെയെല്ലാം വിളിച്ചുചേർത്ത് ചർച്ച നടത്തുകയും ഘട്ടം ഘട്ടമായി നടത്തേണ്ടുന്ന പദ്ധതികളെക്കുറിച്ച് വളരെ നന്നായി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. തെരുവ്നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ സമീപനം - അതായത് വന്ധ്യംകരണം നടത്തിക്കൊണ്ട് അവയുടെ എണ്ണം വർദ്ധിക്കാതിരിക്കാനുള്ള സംവിധാനം നടപ്പിലാക്കാൻ വളരെ നല്ല ഒരു പ്ലാൻ തന്നെ തയ്യാറാക്കി സർക്കാർ മുന്നോട്ട് പോകുന്നുണ്ട്.

ശ്രീ. ഐ. ബി. സതീഷിനുവേണ്ടി (ശ്രീ. ബി. സത്യൻ): സർ, നമ്മുടെ സംസ്ഥാനത്ത് ഏകദേശം ഇരുപതിനായിരം പേർ പേവിഷ ബാധയേറ്റ് മരിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. 2015 വർഷത്തിൽ തന്നെ മരിച്ചവരുടെ എണ്ണത്തിലും കടിയേറ്റവരുടെ എണ്ണത്തിലും വർദ്ധനവ് വന്നിട്ടുണ്ട്. മൂന്നുലക്ഷം പേർക്ക് നായ്ക്കളുടെ കടിയേറ്റിട്ടുണ്ടെന്നാണ് ജസ്റ്റിസ് സിരിഗജൻ കമ്മീഷൻ മുമ്പാകെ കിട്ടിയിട്ടുള്ള വിവരങ്ങളിൽ കാണുന്നത്. 'ദൈവത്തിന്റെ സ്വന്തം നാട്'/ 'ഗോഡ്സ് ഓൺ കൺട്രി' 'ഡോഗ്സ് ഓൺ കൺട്രി' എന്ന പേരിൽ അറിയപ്പെടുന്ന രീതിയിലേക്ക് വരികയാണ്. ജസ്റ്റിസ് സിരിഗജൻ കമ്മീഷൻ

റിപ്പോർട്ട് പ്രകാരം ഏതാണ്ട് 2.5 ലക്ഷം തെരുവുനായ്ക്കൾ ഉണ്ടെന്ന് കാണുന്നു. അവയ്ക്ക് വന്ധ്യംകരണം നടത്താനും മറ്റ് അടിയന്തര നടപടികളും ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുന്നുവെന്നാണ് നമുക്ക് അറിയാൻ കഴിയുന്നത്. ഇതിനാവശ്യമായ ഡോക്ടർമാരും അനുബന്ധ സൗകര്യങ്ങളും മരുന്നും വന്ധ്യംകരണം നടത്തിക്കഴിഞ്ഞാൽ അത് സൂക്ഷിക്കാനുള്ള സൗകര്യങ്ങളിലുമൊക്കെ വളരെ പ്രയാസപൂർണ്ണമായ അവസ്ഥയാണുള്ളത്. വളർത്തുനായയെ വളർത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സമഗ്രമായിട്ടുള്ള ഒരു നയം ഉണ്ടാക്കിയെടുക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും ആരോഗ്യ വകുപ്പുമെല്ലാം ഒരുമിച്ച് നടത്തുന്ന പ്രവർത്തനമാണ്. തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ തന്നെയാണ് നടക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി അതിനെക്കുറിച്ച് എന്തെങ്കിലും പ്രത്യേകമായി പറയുമോ എന്നെനിക്കറിയില്ല. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽക്കയ്യോടെ നടപടി മുന്നോട്ടുപോകുന്നുണ്ട് എന്നുള്ളതാണ് വസ്തുത.

ശ്രീ. ആന്റണി ജോണിനുവേണ്ടി (ശ്രീ. ജോൺ ഫെർണാണ്ടസ്): സർ, കേരളത്തിൽ ഒരു വർഷം ഏതാണ്ട് 19.34 കോടി രൂപയോളം പേവിഷ നിർമ്മാർജ്ജനത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നുവെന്നാണ് ഒരു പത്ര റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിൽ 'പേവിഷ വിമുക്ത കേരളം' എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന നിലയ്ക്ക് മന്ത്രി മറുപടി പറഞ്ഞു. അതിൽ ഒന്നാം ഘട്ടം എത്ര കണ്ട് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു; ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; രണ്ടാം ഘട്ടത്തിൽ എന്താണ് ലക്ഷ്യമിടുന്നത് എന്നത് സംബന്ധിച്ചും പേവിഷ നിയർണ്ണയ ലബോറട്ടറികൾ എവിടെയൊക്കെയാണ് ഉള്ളത് എന്നത് സംബന്ധിച്ചും ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പേവിഷ നിർണ്ണയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടി രണ്ടാംഘട്ടത്തിന്റെ ഭാഗമായി ഉണ്ടാകുമോ എന്നാണ് ചോദിക്കാനുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിൽ വളരെ ഭീകരമായ അവസ്ഥ കണ്ടതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മീറ്റിംഗ് വിളിച്ചുചേർത്ത് പരിപാടികൾ തീരുമാനിച്ചിട്ടുള്ളത്. ഒരു മാസമായി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ ഫലം പൂർണ്ണമായി എത്രയാണെന്നുള്ള കണക്കുകൾ ശേഖരിച്ച് പറയാം. എന്തായാലും പ്രവർത്തനം നടക്കുന്നുണ്ട്. വരുന്ന

രണ്ടോ മൂന്നോ വർഷങ്ങൾ കൊണ്ട് തെരുവുനായ്ക്കളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ ആവശ്യമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തുക, പ്രതിരോധ കുത്തിവയ്പ്പ് നടത്തുക എന്നിങ്ങനെ അതിന്റെകൂടെയുള്ള നിരവധി പദ്ധതികൾ നടത്തിവരികയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഇന്ന് കേരളത്തിൽ സർക്കാർ മേഖലയിൽ പേവിഷ വാക്സിന്റെ നിർമ്മാണം ഇല്ല. യഥാർത്ഥത്തിൽ നമുക്ക് കോടിക്കണക്കിന് രൂപയാണ് പ്രതിവർഷം നമ്മുടെ ഖജനാവിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേക്കും അതുപോലെ സ്വകാര്യ കമ്പനികളിലേക്കും ഒഴുകിക്കൊണ്ടിരിക്കുന്നത്. അത് കുറയ്ക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിലുള്ള പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉൽപ്പാദനത്തിന് ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്. ഗവൺമെന്റ് ആ പദ്ധതി ഫ്ലാഗ്ഷിപ്പ് പദ്ധതിയായിത്തന്നെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എം. നൗഷാദ്: സർ, തെരുവുനായ്ക്കളുടെ ശല്യം കാരണം ജനങ്ങൾക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് നമ്മളെല്ലാവരും ചർച്ച

ചെയ്യുന്നു, തീരുമാനങ്ങൾ എടുക്കുന്നു. പക്ഷേ പ്രായോഗികമായി ഒന്നും നടപ്പിലാക്കാൻ കഴിയുന്നില്ല. ഇത് ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗം ABC പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നുള്ളതാണ്. ABC പ്രോഗ്രാം നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾക്ക് അംഗീകാരം നൽകില്ല എന്നുള്ള ഒരു കടുത്ത തീരുമാനത്തിലേക്ക് നമ്മൾ എത്തിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുറച്ചുകൂടി ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ കഴിയും. ആ തരത്തിലുള്ള ഒരു തീരുമാനം ഉണ്ടാകണമെന്നുള്ളത് ഒരു അഭ്യർത്ഥനയാണ്. നായയുടെ കടിയേറ്റവർക്ക് ചികിത്സയ്ക്ക് നാൽപ്പതിനായിരം രൂപ ചെലവ് വരും. പിന്നീട് അവർക്ക് കുറച്ചുദിവസം ജോലിക്ക് പോകാൻ കഴിയാത്ത അവസ്ഥാവിശേഷവുമുണ്ട്. അതുകൊണ്ട് തന്നെ നായയുടെ കടിയേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നായയുടെ കടിയേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ സാധാരണയായി ചികിത്സാ സഹായപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചെലവും സർട്ടിഫിക്കറ്റും വച്ചുതന്നാൽ നൽകിവരുന്നുണ്ട്. പ്രത്യേക ധനസഹായ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്ത്

ആലോചിക്കാവുന്നതാണ്. ഇപ്പോൾ നായയുടെ കടിയേറ്റവർക്ക് ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. മറ്റുള്ള കാര്യങ്ങൾക്കെല്ലാം ഞാൻ ആദ്യം തന്നെ മറുപടി പറഞ്ഞതാണ്. നല്ലരീതിയിൽ ABC പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ച് മുമ്പോട്ട് പോകുന്നുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. വാക്സിൻ ലഭ്യമാകുന്ന കാര്യം പറഞ്ഞു. ഇപ്പോൾ ആശുപത്രികളിൽ വാക്സിൻ ലഭ്യമല്ലാത്ത അവസ്ഥയില്ല. എവിടെയെങ്കിലും ഒരു ഷോർട്ടേജ് കണ്ടാൽ വളരെ പെട്ടെന്ന് തന്നെ വാക്സിൻ എത്തിക്കുന്നതിനും പെട്ടെന്ന് ചികിത്സ നടത്തുന്നതിനും ഇപ്പോൾ സജ്ജമായിട്ടുണ്ട് എന്നുള്ളതാണ് പറയാനുള്ളത്.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ഇവിടെ എല്ലാവരും പേവിഷബാധയെപ്പറ്റിയാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയടക്കം ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. 2.5 ലക്ഷം തെരുവ് നായ്ക്കളുണ്ട്. ആകെ 3000 തെരുവ് നായ്ക്കൾക്കാണ് വന്ധ്യംകരണം നടത്തിയിട്ടുള്ളത്. വളരെയധികം ജനസാന്ദ്രതയുള്ള നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള ഷെൽട്ടറുകൾ വച്ച് വന്ധ്യംകരണ പ്രവർത്തനങ്ങൾ നടക്കുകയില്ല. നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയതുകൊണ്ട് രക്ഷയില്ല, അത് വായകൊണ്ടാണ് കടിക്കുന്നത്. നമുക്ക്

ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകണം. കേന്ദ്രത്തിൽ ഒരു മന്ത്രിയുണ്ട്. ആ മന്ത്രി സ്ത്രീകളുടെയും കുട്ടികളുടെയും കാര്യം നോക്കണം. പട്ടിയുടെയും പൂച്ചയുടെയും കാര്യം മാത്രം നോക്കുന്ന പണിയാണുള്ളത്. സി.പി.ഐ.(എം.)-നെപ്പോലുള്ള ഒരു പാർട്ടി പ്രായോഗിക സമീപനത്തിന്റെ പാർട്ടിയാണല്ലോ; അതുകൊണ്ട് ഈ കാര്യത്തിൽ പ്രായോഗികമായ ഒരു സമീപനം..... നമ്മുടെ ഒരു കുട്ടിയെ കടിച്ചാൽ ആ നായയെ നമ്മൾ തല്ലിക്കൊല്ലില്ലേ; അതിനൊക്കെ കേസെടുക്കാൻ നടന്നാൽ ശരിയാകുമോ; അതിനൊക്കെ മീഡിയാസും സഹകരിക്കണം. അവനവന്റെ കുട്ടിക്ക് എന്തെങ്കിലും സംഭവിച്ചാലേ അതിന്റെ ദോഷം എല്ലാവർക്കും അറിയാൻ സാധിക്കൂ. പേവിഷബാധയും കാര്യങ്ങളുമെന്നുപറഞ്ഞിട്ട് കാര്യമില്ല. ഇതിനൊരു ശാശ്വതമായ പരിഹാരം വേണമെന്നാണ് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയോടും മൃഗസംരക്ഷണ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് പറയാനുള്ളത്. കുറച്ചൊക്കെ കണ്ണടയ്ക്കുകയും കൊല്ലുകയും വേണം. അല്ലാതെ ഒന്നും നടക്കുകയില്ല. എല്ലാത്തിനും നിയമവും വകുപ്പും പറയേണ്ട. തെരുവ് നായ പ്രശ്നത്തിലെ വാക്സിന്റെ കാര്യത്തിൽ വലിയൊരു മാഫിയയ്ക്ക് കൂട്ടുനിൽക്കാൻ വേണ്ടി ആവശ്യമില്ലാത്ത മരുന്ന് മുഴുവൻ വാങ്ങിക്കൂട്ടുകയാണ്. 20 കോടി രൂപയുടെ മരുന്നാണ് കഴിഞ്ഞ പ്രാവശ്യം മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷൻ വാങ്ങിയത്. ഞാൻ പറഞ്ഞതല്ല, അതിന്റെ ചെയർമാൻ പറഞ്ഞതാണ്. അതുകൊണ്ട് തെരുവ് നായ പ്രശ്നത്തിന് അടിയന്തരമായ പരിഹാരം ഉണ്ടാകണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇവിടെ 2, 3 മന്ത്രിമാരോട് ഒരുമിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ചോദ്യം ചോദിച്ചിട്ടുള്ളത്. പക്ഷെ, വിഷയം നമുക്കെല്ലാവർക്കും ഒരുപോലെ ഉത്കണ്ഠ ഉളവാക്കുന്നതാണെന്നതിനാൽ അടിയന്തര നടപടികൾ നമ്മൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അക്രമാസക്തരായ മൃഗങ്ങളെ കൊല്ലുന്നതിന് നിയമപരമായി തടസ്സമില്ല. എന്നാൽ ഇന്ന് നിലനിൽക്കുന്ന നിയമങ്ങളുടെ കീഴിൽ പട്ടികളെയാകെ കൊല്ലുക എന്നൊരു ഉത്തരവ് പുറപ്പെടുവിക്കാനും ബുദ്ധിമുട്ടുണ്ട്. അക്രമാസക്തമായി കൂട്ടംകൂടിനിൽക്കുന്ന പട്ടികളെ ഇല്ലാതാക്കാനുള്ള സമീപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിയമത്തിനകത്ത് നിന്നുകൊണ്ടുതന്നെ സ്വീകരിക്കാൻ സാധിക്കും. ഭാവിയിൽ പട്ടികളുടെ എണ്ണം പെരുകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഏറ്റവും ഊന്നൽ കൊടുക്കേണ്ടത്. അതിന് ആവശ്യമായ നടപടിക്രമങ്ങളാണ് സർക്കാർ ഇപ്പോൾ

സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തെരുവ് നായ്ക്കളെ നിയന്ത്രിക്കാനും പേവിഷബാധയ്ക്കെതിരായും ഗവൺമെന്റ് എടുക്കുന്ന നടപടികളെല്ലാം വളരെ ശ്ലാഘനീയമാണ്. എന്നാൽ ചില ആളുകൾ ഇതൊന്നും പാലിക്കാതെ, ഉദാഹരണമായി, ശ്രീ. ബോബി ചെമ്മണ്ണൂർ ചീപ്പ് പോപ്പുലാരിറ്റിക്കുവേണ്ടി ജില്ലയ്ക്ക് പുറത്തുള്ള പട്ടികളെ പിടിച്ചുകൊണ്ടുവന്ന് കൽപ്പറ്റ നഗരസഭയിൽ അദ്ദേഹത്തിനുള്ള സ്ഥലത്ത് പാർപ്പിക്കുകയാണ്. ഒരു നിയമവും പാലിക്കുന്നില്ല. ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരും അവർക്കുവേണ്ടി വിളിച്ചുപറയുകയാണ്. കളക്ടറിലും സമ്മർദ്ദം ചെലുത്തുകയാണ്. ഈ നടപടി ശരിയല്ല. വെറ്ററനറി ഡോക്ടർമാർ വന്ന് പരിശോധിച്ചപ്പോൾ ആവശ്യത്തിന് വെള്ളവും മറ്റ് കാര്യങ്ങളൊന്നുമില്ലെന്നാണ് പറഞ്ഞത്. ശ്രീ. ബോബി ചെമ്മണ്ണൂർ തികച്ചും നിയമവിരുദ്ധമായാണ് നായ്ക്കളെ താമസിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിനെതിരെ ആവശ്യമായ നിയമനടപടി സ്വീകരിക്കുമോ;

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിനൊരു നിയമമുണ്ട്. നിയമത്തെ അടിസ്ഥാനമാക്കി മാത്രമേ മൃഗസംരക്ഷകർക്ക് അത്തരത്തിലുള്ള ക്യാമ്പുകളൊക്കെ നടത്താൻ പാടുള്ളൂ. അത് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ

ചെയ്യണം. വളരെ കർശനമായി പരിശോധിച്ച് ആവശ്യമായ എല്ലാ ചട്ടങ്ങളും പാലിക്കുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ കൊടുക്കാവൂവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ പറയുന്ന സ്ഥലത്ത് ഇതൊന്നും പാലിക്കുന്നില്ലായെങ്കിൽ അത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നാണ് പറയാനുള്ളത്. എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടു മാത്രമേ ഇത്തരം ക്യാമ്പുകൾ ആരംഭിക്കാവൂ. എന്നാൽ മൃഗസംരക്ഷണ ക്യാമ്പ് ആരംഭിക്കേണ്ടതില്ലെന്ന് പറയാൻ സർക്കാരിന് സാധിക്കില്ല. നിയമപരമായ കാര്യങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തും.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ):</u> സർ, പട്ടിയെ കൊല്ലാനും പാടില്ല, പിടിക്കാനും പാടില്ല എന്നൊരു നിലപാട് നമുക്ക് എടുക്കാൻ സാധിക്കില്ല. ആരെങ്കിലും മുന്നോട്ടുവന്ന് പിടിച്ച് അവരുടെ സ്ഥലത്ത് സൂക്ഷിക്കുന്നുണ്ടെങ്കിൽ അത് പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അത് ശരിയല്ലെന്ന സമീപനം എടുത്ത് പോകാൻ പറ്റില്ല. അതേസമയം, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അതിന് സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതിന് അവിടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനവും മറ്റെല്ലാവരുംകൂടി വേണ്ട സഹായങ്ങൾ ഒരുക്കുകയും ചെയ്യണം.

ആരെങ്കിലും മെനക്കെട്ട് പിടിക്കാൻ തയ്യാറാകുന്നുണ്ടെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനംതന്നെ എടുക്കാമെന്നാണ് തോന്നുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഇവിടെ തെരുവ് നായ്ക്കളുടെ എണ്ണത്തെ സംബന്ധിച്ച കൃത്യമായ സെൻസെസ് ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. 2.5 ലക്ഷം എന്നുള്ള നിലയിലാണ് വാർത്ത. പക്ഷെ ഒരു പട്ടി പ്രസവിച്ചുകഴിഞ്ഞാൽ 6-ഉം 7-ഉം കുട്ടികളാണ്. അത് പിന്നീട് ഇരട്ടിച്ചുകൊണ്ടേയിരിക്കുന്നു. നമ്മൾ അതിന്റെ പിന്നാലെ എത്ര നടന്നാലും ഇതിന്റെ സംഖ്യ വളരെ വർദ്ധിക്കും. ഗവൺമെന്റിനുതന്നെ ഈ കാര്യത്തിൽ ഒരു ഇന്റർഫിയറൻസ് നടത്താൻ പറ്റും. ഏതെങ്കിലും ഒരു ഒഴിഞ്ഞ സ്ഥലത്ത് ഡോഗ് ക്ലിനിക് പോലെയോ പട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും വിപുലമായ പദ്ധതിയോ ഗവൺമെന്റ് ആരംഭിക്കണം. ആ പദ്ധതി ഗവൺമെന്റ് ഏറ്റെടുക്കുന്നില്ലെങ്കിൽ 10 വർഷം കഴിയുമ്പോൾ കേരളത്തിൽ ഇത് ഭീകരമായ ഒരു പ്രശ്നമായി വരും. ഇപ്പോൾതന്നെ നമുക്ക് തടയാൻ പറ്റാത്ത വിധത്തിലാണ്. അതുകൊണ്ട് ഗവൺമെന്റ് ഇത്തരം വിപുലമായ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടിയെക്കുറിച്ച് ആലോചിക്കുമോ; പേവിഷബാധയ്ക്കുള്ള മരുന്ന കുറെ കൊടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പക്ഷെ അത്

തികയാതെ വരികയാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പേവിഷബാധയ്ക്കുള്ള മരുന്നിന്റെ അപര്യാപ്തത ധാരാളമുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ;

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഒരു ക്യാമ്പ് എന്നതിനുപകരം മൃഗസംരക്ഷകർ നടത്തുന്ന നിരവധി ക്യാമ്പുകൾ പല ഭാഗങ്ങളിലായി നടക്കുന്നുണ്ട്. നിയമപരമായി അത്തരം ക്യാമ്പുകൾ നടത്തുമ്പോൾ അതിനെ പ്രോത്സാഹിപ്പിക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇപ്പോൾ പറഞ്ഞത്. ഗവൺമെന്റ് പ്രത്യേകിച്ച് ഒരു ക്യാമ്പ് നടത്തേണ്ടതായി വരുമെന്ന് തോന്നുന്നില്ല. വർഷങ്ങളായി ഇത്തരത്തിലൊരു സമീപനം ABC അടക്കം തീരുമാനിച്ച് ഫലപ്രദമായി നടപ്പാക്കിയിരുന്നെങ്കിൽ പട്ടികൾ ഇങ്ങനെ പെരുകമായിരുന്നില്ല. എന്നാൽ വൈകിയാണെങ്കിലും നമ്മൾ കർശനമായ നടപടിയിലേയ്ക്ക് കടന്നിരിക്കുകയാണ്. അതുകൊണ്ട് വരുന്ന വർഷങ്ങളിൽ പട്ടികളുടെ എണ്ണം നന്നായി കുറയാൻ സാധ്യതയുണ്ടെന്ന് തന്നെയാണ് കണക്കുകൂട്ടുന്നത്. നമുക്കെല്ലാവർക്കും ഒരുമിച്ച് ആ കാര്യങ്ങളെല്ലാം പരിശോധിച്ച് നിയന്ത്രിക്കാനും ഗണ്യമായി കുറയ്ക്കാനും സാധിക്കും. മരുന്നിന്റെ കാര്യത്തിൽ, എല്ലാ വാക്സിനുകളും പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സൂക്ഷിക്കാൻ കഴിയില്ല.

ആന്റി റാബിസ് സിറം ജില്ലാ ആശുപത്രികളിൽ മാത്രമാണ് സൂക്ഷിക്കാൻ സാധിക്കുന്നത്. മുഖത്ത് കടിയേറ്റാൽ,...... ഗുരുതരമായ അവസ്ഥയിലേയ്ക്ക് വന്നാൽ പ്രൈമറി ഹെൽത്ത് സെന്ററിൽ വച്ച് ട്രീറ്റ്മെന്റ് കൊടുക്കുന്നത് ഉചിതമല്ല. കടിയേറ്റാൽ അത്യാവശ്യമുള്ള വാക്സിനുകൾ പ്രൈമറി ഹെൽത്ത് സെന്ററിൽതന്നെ എത്തിക്കുന്നുണ്ട്. എവിടെയെങ്കിലും പോരായ്മ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിൽ അപ്പോൾതന്നെ അത് പരിഹരിക്കുന്നുണ്ട്. ഇതുവരെ അങ്ങനെയൊരു ഗുരുതരമായ മരുന്ന് ക്ഷാമം ഈ സീസണിൽ എവിടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പട്ടികളെ പിടിച്ച് സ്റ്റെറിലൈസ് ചെയ്ത് സൂക്ഷിക്കാനുള്ള സംവിധാനം വിവിധ സ്ഥലങ്ങളിൽ ഇപ്പോൾതന്നെ ഒരുക്കിയിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതാണ് യോഗം ചേർന്ന് തീരുമാനിച്ചത്. എന്നാൽ അത് ഉദ്ദേശിച്ചത്ര വിപുലമായി നടന്നിട്ടില്ല. അത് നടന്നുകൊണ്ടിരിക്കുന്നു. അത് ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. അതിന് ചില പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തിയിട്ടുമുണ്ട്. അതുതന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തെരുവ് നായ്ക്കളുടെ വന്ധ്യംകരണം

കൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കുമെന്ന് ഗവൺമെന്റ് കാണുന്നുണ്ടോ; നമ്മുടെ സമീപനത്തിന് ഉറപ്പായും ഒരു മാറ്റംവരുത്തേണ്ടതുണ്ടെന്ന് തോന്നുന്നു. വന്ധ്യംകരണം നടത്തിയ നായയെ സംരക്ഷിക്കാനുള്ള.... അവർ തെരുവിൽ പോകുകയും കൂടുതൽ അക്രമകാരികളാകുകയും ചെയ്യുന്ന പൊതുസമീപനമാണ് കാണുന്നത്. അതുകൊണ്ട് സംരക്ഷിക്കാൻ വേണ്ടുന്ന നടപടികൾകൂടി സർക്കാർ ശ്രദ്ധിക്കുന്നുണ്ടോയെന്നാണ് അറിയേണ്ടത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഭാഗമായി നായ്ക്കളെ പിടികൂടി സ്റ്റെറിലൈസ് ചെയ്ത് സംരക്ഷിക്കുന്നതിന് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് അവയെ സ്റ്റെറിലൈസ് ചെയ്ത് ആ രീതിയിൽ പരിഗണിച്ചാണ് പുറത്തേയ്ക്ക് വിടുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, കഴുത്തിലോ കഴുത്തിന് മുകളിലോ പേ വിഷബാധയേറ്റ മൃഗങ്ങളുടെ കടിയേൽക്കുന്നവർക്ക് ഇപ്പോൾ നൽകിവരുന്ന വാക്സിൻ വേണ്ടത്ര ഫലപ്രദമല്ലെന്നും ഭാവിയിൽ അതുകൊണ്ട് വളരെ വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്നതും സംബന്ധിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ നിഗമനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി

എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ ലോകത്തുതന്നെ രണ്ടുതരം വാക്സിനുകളാണ് ഇതിന് ലഭ്യമായിട്ടുള്ളത്. ഇക്യൂനോ ഇമ്മ്യൂണോ ഗ്ലോബുലിൻ വാക്സിനാണ് ഇപ്പോൾ ഗവൺമെന്റ് ആശുപത്രികളിൽ കൊടുക്കുന്നത്. മറ്റൊരു വാക്സിനുള്ളത് വളരെ വില കൂടിയതാണ്. അത് കൂടുതൽ ഫലപ്രദമാണെന്ന് നമുക്ക് തെളിയിക്കാം. പക്ഷേ ചിലർക്ക് ഞാൻ ആദ്യം പറഞ്ഞ വാക്സിൻ അലർജിയായി മാറുന്ന സമയത്ത് ഈ വില കൂടിയ വാക്സിൻ ഉപയോഗിക്കേണ്ടതായി വരാറുണ്ട്. ഒരു യൂണിറ്റിന് വലിയ വിലയാണ്. മറ്റു തരത്തിലുള്ള, കൂടുതൽ ഫലപ്രദമായ മരുന്നുകൾ ഇപ്പോൾ ലഭ്യമല്ല. ലഭ്യമായ മരുന്നുകൾ ഉപയോഗിച്ചാണ് ഇപ്പോൾ ചികിത്സ നടത്തുന്നത്.

ശ്രീ. സി. കെ. നാണു: സർ, രണ്ടു തരത്തിലാണ്, നാടൻ നായ്ക്കൾ കടിക്കാതെ കാലിന്റെ അടിയിൽ തട്ടിയാൽപോലും ഡോക്ടറെ കാണിച്ചാൽ ഇൻജെക്ട് ചെയ്യാൻ പറയും. വടകരയിൽ ജില്ലാ ആശുപത്രി ഉണ്ടെങ്കിലും ആദ്യത്തെ ഇഞ്ചക്ഷന് കോഴിക്കോട് മെഡിക്കൽ കോളേജിൽ പോകണം. പിന്നീടുള്ള ഇഞ്ചക്ഷനാണ് ജില്ലാ ആശുപത്രിയിലും മറ്റ് ആശുപത്രികളിലുമുള്ളത്. അത് ഒരു ഭാഗത്ത്. മറുഭാഗത്ത് പ്രദേശത്തെ ജനങ്ങൾ വൈകുന്നേരമാകുമ്പോൾ ഭയപ്പാടിലാണ്.

പ്രധാനപ്പെട്ട സ്ഥലങ്ങളിലൊക്കെ, പഞ്ചായത്തിന്റെ പേര് ഞാൻ പറയുന്നില്ല, അവിടെയൊക്കെ രാത്രിയായാൽ മുട്ടൻ വടിയുമായിട്ടാണ് ആളുകൾ വഴി നടക്കുന്നത്. ഞാൻ പോയി നോക്കിയപ്പോൾ എനിക്കുതന്നെ വലിയ ഭയപ്പാടുതോന്നി. ഇവിടത്തെ പ്രശ്നം തെരുവു നായ്ക്കളാണ്. തെരുവു നായ്ക്കളെ ആരെങ്കിലും കൊന്നാൽ അത് ചാനലിലെടുത്ത് അവരുടെ പേരിൽ പോലീസ് നടപടി എടുക്കുന്നു. ഈ തെരുവു നായ്ക്കളെ തെരുവിൽനിന്നു മാറ്റിനിർത്താനുള്ള സംവിധാനം എന്താണ്; അങ്ങനെ വന്നാൽ സാധാരണ ആളുകളെ കടിക്കുന്ന പ്രശ്നമില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ജില്ലകളിലുള്ള തെരുവു നായ്ക്കളെ താൽക്കാലികമായി മാറ്റി താമസിപ്പിക്കാൻ പറ്റുന്ന, അവയെ ജീവനോടെ നിലനിർത്താൻ സാധിക്കുന്ന ഒരു സംവിധാനം വേണം. അതിന് ശേഷം അവയെ എന്തു ചെയ്യണമെന്ന് ആലോചിക്കാം. അല്ലെങ്കിൽ കോടിക്കണക്കിന് രൂപ വാക്സിനുവേണ്ടി സർക്കാരിന് ചെലവഴിക്കേണ്ടി വരും. ജനങ്ങൾ ഭീതിയിലാകും. ഇതിനെല്ലാം പരിഹാരമുണ്ടാകണമെങ്കിൽ അടിയന്തരമായി ജില്ലകൾ തോറും ഈ സംവിധാനം ഉണ്ടാവുകയും അതിനുശേഷം ഈ പട്ടികളെ എന്തു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പട്ടി കടിച്ചാൽ കുറേ ദിവസങ്ങൾ

കഴിഞ്ഞിട്ടാണ് രോഗ ലക്ഷണം, പേ വിഷബാധ ഉണ്ടാകുന്നുവെങ്കിൽ അത് പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ടുതന്നെ കടിയേറ്റ എല്ലാവർക്കും മുൻകരുതലിന്റെ ഭാഗമായി വാക്സിൻ കൊടുക്കുക എന്നുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ നായ്ക്കളെ പിടികൂടി സ്റ്റെറിലൈസ് ചെയ്ത് സ്ഥിരമായി ഒരിടത്ത് പാർപ്പിക്കാൻ കഴിയില്ല. പക്ഷേ അവയെ വിട്ടാൽ വീണ്ടും തെരുവിലേയ്ക്ക് വരും. അപ്പോൾ ഇവയുടെ എണ്ണം കുറഞ്ഞു വരുമ്പോഴും വളരെ അക്രമാസക്തരായ പട്ടികൾ ഒഴിവാകുന്നതിലൂടെയും മാത്രമെ സാധ്യമാകൂ എന്നുള്ളതാണ്. ആ നടപടി തുടരുമ്പോൾ എന്തായാലും ഇന്നുള്ള ഭീകരാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകും എന്നുള്ളതു തന്നെയാണ് പറയുവാനുള്ളത്.

മി. സ്പീക്കർ: പ്രശ്നം പട്ടിയും കടിയും ആയതുകൊണ്ടാണ് ഇത്രയും സമയമെടുത്തത്. 22 മിനിട്ടായി. അടുത്തത് ചോദ്യം നമ്പർ *302.

**തെരുവു നായ്ക്കളുടെ ഉന്മൂലനം**

(*302) ശ്രീ. ഐ.സി. ബാലകൃഷ്ണൻ:

ശ്രീ. അനിൽ അക്കര:

ശ്രീ. റോജി എം. ജോൺ:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ദൃശ്യമാധ്യമങ്ങളിൽ മരുന്നുകളുടെ

പരസ്യം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് ആക്ടിന് വിരുദ്ധമായ ഇത്തരം പരസ്യങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കുവാൻ കഴിയുന്ന മരുന്നുകൾ, പരസ്യം വഴി വിൽക്കുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

( എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വിഭാഗം ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്)ആക്ടിന് വിരുദ്ധമായ പരസ്യങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയാണ് ആയുർവ്വേദ മരുന്നുകളുടെ പരസ്യങ്ങളാണ് കൂടുതൽ ദൃശ്യമാധ്യമങ്ങളിൽ കണ്ടു വരുന്നത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളിലെ ഷെഡ്യൂൾ (ജെ) ആയുർവ്വേദ മരുന്നുകൾക്ക് ബാധകമല്ല. ആയുർവ്വേദ മരുന്നുകളുടെ പരസ്യം നിയന്ത്രിക്കുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ ഭേദഗതി ചെയ്യുന്നതിന് കരട് വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് പരസ്യങ്ങൾക്കെതിരെ കൂടുതൽ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(സി) നടപടി സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇതുവരെ 147 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ *302-മായി ചോദ്യം നമ്പർ *316 ക്ലബ് ചെയ്യാൻവേണ്ടി ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. പക്ഷേ ചോദ്യങ്ങളും ഉത്തരങ്ങളും വ്യത്യസ്തമായതുകൊണ്ട് അത് അനുവദിക്കുന്നില്ല.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: സർ, പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, അമിതവണ്ണം എന്നീ രോഗങ്ങൾ മാറ്റുന്നതിനായി പരസ്യങ്ങൾ നൽകിവരുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിനും ഇവരുടെ മരുന്നുകൾ ഗുണനിലവാരം ഉള്ളതാണോ എന്ന് പരിശോധിക്കുന്നതിനും വേണ്ടി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിൽ പറഞ്ഞതുപ്രകാരം ഇത്തരത്തിലുള്ള ചില പരസ്യങ്ങൾ നിരോധിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്, നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചിലതിൽ നിയമനടപടികൾ സ്വീകരിച്ചു വരികയാണ്. എന്നാൽ ഞാൻ നേരത്തെ വ്യക്തമാക്കിയതുപോലെ

ആയുർവ്വേദ മരുന്നുകൾക്ക് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളിലെ ഷെഡ്യൂൾ (ജെ) ബാധകമല്ല എന്നതിനാൽ കേന്ദ്ര ഗവൺമെന്റ്,... സെൻട്രൽ ആക്ടാണ് ഇതിനകത്ത് റൂൾ ഭേദഗതി വരുത്തുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചതായി പറഞ്ഞിട്ടുണ്ട്. അതുകൂടി വരുന്ന സമയത്ത് കുറേക്കൂടി ഇത്തരത്തിലുള്ള പരസ്യങ്ങളെ നിയന്ത്രിക്കാൻ കഴിയും എന്നാണ് കരുതുന്നത്. ഇപ്പോൾ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഈ കാര്യങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഇതേ ചോദ്യത്തിന് കഴിഞ്ഞ സഭയിൽ വളരെ വിശദമായി ഞാൻ ഉത്തരം പറഞ്ഞതാണ്. ഒരേ ചോദ്യം തന്നെ തൊട്ടടുത്ത സഭയിലും അതേപടിതന്നെ വന്നിരിക്കുകയാണ്. അതേ ഉത്തരംതന്നെ പറയുകയാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇത്തരം പരസ്യങ്ങൾ വഴി ഒട്ടനവധി രോഗികൾ വഞ്ചിതരാകുന്നുണ്ട്. അവർക്ക് നിയമസഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത് ആരോഗ്യ വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടതല്ല. സാധാരണയായി ഇത്തരം കാര്യങ്ങൾ ഉപഭോക്തൃ കോടതിയുടെ മുൻപാകെയാണ് പോകാറുള്ളത്. ആരോഗ്യ വകുപ്പിൽ അത്തരത്തിലുള്ള പരാതി

വന്നാൽ അതു സംബന്ധിച്ചിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കാം. ഇപ്പോൾ ഇത്തരത്തിലുള്ള പരസ്യം കൊടുക്കുന്നവർക്ക് എതിരായുള്ള നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ശ്രീ. അനിൽ അക്കര: സർ, മരുന്നു കമ്പനികളുടെ പരസ്യങ്ങൾ പഴയ കാലത്തേതിൽനിന്നും വ്യത്യസ്തമായി വളരെ രസകരമായ രീതിയിലാണ് ഇപ്പോൾ കടന്നുവരുന്നത്. ആറു മാസക്കാലം ഒരു കമ്പനിയുടെ പരസ്യം കണ്ടു കഴിഞ്ഞാൽ അത് ആളുകൾക്ക് മടുപ്പുണ്ടാക്കും. അതിനുശേഷം അതേ കമ്പനിയുടെ പരസ്യംതന്നെ വേറൊരു ഉൽപ്പന്നത്തിന്റെ പേരിൽ വരികയാണ്. രണ്ടും ഒരേ ഉൽപ്പന്നങ്ങൾ തന്നെയാണ്. പരസ്യങ്ങൾ മാത്രം മാറുകയും പരസ്യത്തിലെ കഥാപാത്രങ്ങൾ മാറുകയും ഉൽപ്പന്നങ്ങൾ അതേ രീതിയിൽ മാറി ആളുകൾ വഞ്ചിക്കപ്പെടുന്നുണ്ട്. അതുപോലെതന്നെ പണ്ടു കാലത്തൊന്നും നമ്മൾ ആശുപത്രികളുടെ പരസ്യങ്ങൾ ടി.വി.യിലും മറ്റു മാധ്യമങ്ങളിലും കണ്ടിരുന്നില്ല. ഇന്ന് ആശുപത്രികളുടെ പരസ്യങ്ങളും വളരെ വ്യാപകമായ രീതിയിൽ വരികയാണ്. ഇതു രണ്ടും നിയന്ത്രിക്കേണ്ടതല്ലേ എന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. അതുപോലെതന്നെ, ഉൽപ്പന്നങ്ങളുടെ വില, ഒരു ആടലോടകത്തിന്റെ ഇലയും രണ്ടു ഗ്രാം കൽക്കണ്ടവും ഇട്ട് ഉണ്ടാക്കുന്നതിനുപോലും 150 രൂപ, 200 രൂപ എന്നുള്ള നിലയിൽ വലിയ വില

ഈടാക്കുന്നുണ്ട്. ഈ വിലകൾ പരിശോധിക്കാനും ആശുപത്രികളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇപ്പോൾ കുറച്ചുകൂടി കർശനമായി നടപടി സ്വീകരിക്കണമെന്നു തന്നെയാണ് കരുതുന്നത്. ഇത്തരത്തിലുള്ള മാജിക്കൽ റെമഡീസിന്റെ പരസ്യങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ആ കൂട്ടത്തിലാണ് ഈ പറഞ്ഞ 147 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച പട്ടികതന്നെ ഈ ഉത്തരത്തോടൊപ്പം ചേർക്കുന്നുണ്ട്. അത് പരിശോധിച്ച് ഏതൊക്കെ ആളുകൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് മനസ്സിലാക്കാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മരുന്നുകൾ പേരുമാറ്റി പ്രത്യക്ഷപ്പെടുന്നുണ്ട്. അത്തരം കാര്യങ്ങളും പരിശോധിച്ചു വരുന്നുണ്ട്. ശക്തമായ നടപടികൾ സ്വീകരിക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തരുതെന്ന് മാധ്യമങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മാധ്യമങ്ങളും ആ നിർദ്ദേശം പാലിക്കേണ്ടതാണ് എന്നുള്ളതാണ് പറയുവാനുള്ളത്. ഇത്തരം വ്യാജ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾക്കെതിരെയും നടപടി സ്വീകരിക്കാൻ കഴിയുന്ന രീതിയിൽ വകുപ്പുണ്ട്. പക്ഷേ വ്യാജമേതാണെന്ന് തിരിച്ചറിയാനുള്ള ബുദ്ധിമുട്ടാണ് ഇപ്പോഴുള്ളത്. ഇത് അന്വേഷിച്ചുകൊണ്ട് എല്ലാ

വ്യാജ പരസ്യങ്ങും വ്യാജ ഉൽപ്പന്നങ്ങളുടെ പ്രചാരണവും നിരോധിക്കുന്നതിനുള്ള നടപടി നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് സർക്കാർ സ്വീകരിക്കും.

ശ്രീ. റോജി എം. ജോൺ: മരുന്നുകളുടെ കാര്യംപോലെ തന്നെ ഇന്ന് മാർക്കറ്റിൽ പലതരം ഉൽപ്പന്നങ്ങൾ ലഭ്യമാണ്. വണ്ണം കുറയ്ക്കാനായി കിടക്ക, ബെൽറ്റ് എന്നൊക്കെ പറഞ്ഞുകൊണ്ട് നിരവധി ഉൽപ്പന്നങ്ങളുടെ പരസ്യങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ വലിയതോതിൽ  നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ഉൽപ്പന്നങ്ങളുടെ ഫലപ്രാപ്തിയെ കുറിച്ച് ശാസ്ത്രീയമായി എന്തെങ്കിലും പഠനം നടത്താൻ സർക്കാരിന് സാധിക്കുമോ; അതുപോലെതന്നെ ഇത്തരം ഉൽപ്പന്നങ്ങളുടെ പരസ്യം നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ചില മരുന്നുകൾ കൊടുക്കുന്നത് മരുന്നുകൾ എന്ന പേരിലല്ല, ഫുഡ് സപ്ലിമെന്റ് എന്ന പേരിലാണ്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് അത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് പരിമിതിയുണ്ട്. എങ്കിലും അതിന് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്ന സമയത്ത് അത്തരത്തിലുള്ള പരാതികൾ ലഭ്യമായാൽ ആ ഉൽപ്പന്നങ്ങളെക്കുറിച്ച് പരിശോധിക്കാൻ സാധിക്കും.  ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള

ഒരു അവകാശത്തിന്റെ വെളിച്ചത്തിൽ ഇതുപോലുള്ള ദ്രോഹകരമായിട്ടുള്ള ഒരുപാട് വസ്തുതകൾ മാർക്കറ്റിൽ ഇറങ്ങുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. അത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് ഇന്നുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നമുക്ക് എടുക്കാവുന്ന ഏറ്റവും ശക്തമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ് എന്നാണ് പറയുവാനുള്ളത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പണം മാത്രം ലക്ഷ്യമാക്കിക്കൊണ്ട് സമൂഹത്തിൽ തങ്ങൾക്കുള്ള ഇമേജ് ഉപയോഗിച്ച് സിനിമാ താരങ്ങളും മറ്റ് സെലിബ്രിറ്റികളും ഇതുപോലുള്ള മരുന്നുകളുടെ പരസ്യങ്ങളിൽ അഭിനയിക്കുന്നു. സമൂഹത്തിൽ ഈ സെലബ്രിറ്റികൾക്ക് ഒരു സ്പെയ്സ് ഉണ്ട്. ആ സ്പേയ്സിനെ അവർ കച്ചവടവൽക്കരിക്കുകയാണ്. അവർ പരസ്യത്തിൽ അഭിനയിക്കുന്നതിന് നമ്മളാരും എതിരല്ല. പക്ഷേ ഇങ്ങനെയുള്ള മരുന്നുകൾ വാങ്ങിക്കഴിച്ചുകൊണ്ട് പലപ്പോഴും പല ആളുകളും അപകടകരമായ രോഗങ്ങളിലേയ്ക്ക് എത്താറുണ്ട്. സ്വാഭാവികമായി അവർക്ക് കാലക്രമേണ അസുഖങ്ങളും വരാറുണ്ട്. ഇതെല്ലാം നിയന്ത്രിക്കാൻ സർക്കാരിന് എന്ത് ചെയ്യാൻ സാധിക്കും. കാരണം ഇത്തരം മരുന്നുകൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് എന്തെങ്കിലും അപകടകരമായ കാര്യങ്ങൾ ഉണ്ടായാൽ ഈ പറഞ്ഞ ആളുകൾക്കെതിരെ ശക്തമായ നടപടികൾ എടുക്കാൻ നമുക്ക് സാധിക്കുമോ;

യാതൊരു സാമൂഹ്യ പ്രതിബദ്ധതയും ഈ പറഞ്ഞ സെലിബ്രിറ്റികൾ കാണിക്കുന്നില്ല. അവരെ വിശ്വസിച്ച് സിനിമാ രംഗത്തും മറ്റുമുള്ള സെലിബ്രിറ്റികളുടെ ആകർഷകമായ സിനിമകൾ കണ്ടും മറ്റുമൊക്കെ അത് പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരം മരുന്നുകൾ വാങ്ങുന്നത്. എനിക്ക് ഒരു അനുഭവം ഉണ്ട്. എന്റെ മുടി കുറച്ചു കൊഴിയുന്നുണ്ട്. ഒരു സിനിമാ പ്രവർത്തകന്റെ അടുത്ത് ഞാൻ ചോദിച്ചു, ഈ മരുന്ന് തേച്ചാൽ വല്ല ഗുണവുമുണ്ടോ എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി, അത് കഴിക്കേണ്ടെന്നും വേറെ മരുന്ന് പറഞ്ഞുതരാമെന്നുമാണ്. അപ്പോൾ മനഃപൂർവ്വം അറിഞ്ഞുകൊണ്ടുതന്നെ ചില സംഭവ വികാസങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. ഇതിനെയൊക്കെ ശക്തമായി നിയന്ത്രിച്ചില്ലെങ്കിൽ പാവപ്പെട്ട ജനത ഈ മരുന്നുകൾ വാങ്ങി കഴിച്ച് ഇല്ലാത്ത രോഗങ്ങൾ ഉണ്ടായി മുടി കൊഴിഞ്ഞ് മുടി ഒട്ടുംതന്നെ ഇല്ലാതാകുന്നു. ഇതിനെതിരെയൊക്കെ ശക്തമായ നിയന്ത്രണം സർക്കാർ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതൊരു സാമൂഹ്യ വ്യവസ്ഥിതിയുടെ കുഴപ്പമാണ്. ഞങ്ങളെല്ലാം വിമർശിക്കുന്ന ഉപഭോഗ സംസ്കാരം വളർന്നുവരുന്നതിന്റെ ഏറ്റവും വലിയ പ്രതിസന്ധിയാണ് എല്ലാം പരസ്യപ്പെടുത്തി മാർക്കറ്റൈസ്

ചെയ്യുകയെന്നത്. അതിനെ രാഷ്ട്രീയപരമായി എതിർക്കാൻ ഭരണപക്ഷവും പ്രതിപക്ഷവും കൂട്ടായി ശ്രമിക്കുകയും ആ ശ്രമം സമൂഹത്തിൽ തുടരുകയും ചെയ്യണം. അതോടൊപ്പംതന്നെ സെലിബ്രിറ്റികൾ ഇത്തരത്തിലുള്ള അപകടകരവും സാമൂഹ്യദ്രോഹപരവുമായ പരസ്യങ്ങളിൽ പങ്കെടുക്കുന്നത് പൊതുസമൂഹം ചൂണ്ടിക്കാണിക്കേണ്ട വസ്തുതയാണ്. അങ്ങനെ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി ചില സെലിബ്രിറ്റികൾ അത്തരം ചില പരസ്യങ്ങളിൽനിന്നും മാറി നിന്നിട്ടുള്ള അനുഭവം ഉണ്ടായിട്ടുണ്ട്. സമൂഹത്തിന് ഇതുപോലെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതും അവരെ മാറി നിൽക്കാൻ പ്രേരിപ്പിക്കാവുന്നതുമാണ്. ശാരീരികമായ പ്രത്യാഘാതങ്ങളുണ്ടായതായി പരാതി കിട്ടിയാൽ ഉടൻതന്നെ അതിനെക്കുറിച്ച് അന്വേഷിച്ച് വളരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ റൂൾ ഭേദഗതി ചെയ്തുകൊണ്ട് സെൻട്രൽ ഗവൺമെന്റ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാകുമ്പോൾ ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. സാമൂഹ്യ വ്യവസ്ഥിതിയിൽ വന്നുചേർന്നിട്ടുള്ള ഈ അപകടത്തിനെതിരെ നാം ഒരുമിച്ച് പ്രതികരിക്കേണ്ടതാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, അത്ഭുതരോഗശാന്തിയെന്ന്

പറഞ്ഞുകൊണ്ട് മരുന്നുകൾ മാത്രമല്ല, മുസലിയാരുടെ 'ഐക്കല്ല്', 'വലംപിരിശംഖ്' എന്നിങ്ങനെ വളരെ വ്യാപകമായി ടെലിവിഷൻ ചാനലുകളിലൂടെ പരസ്യം വരികയാണ്. 'ഐക്കല്ല്' ധരിച്ചപ്പോൾ ഇന്നയിന്ന ഗുണങ്ങളുണ്ടായി, വീടുകളിൽ പലതരത്തിലുള്ള ക്ഷേമങ്ങളുണ്ടായി എന്നൊക്കെ കള്ള സാക്ഷ്യം പറയുന്ന ആർട്ടിസ്റ്റുകളുമുണ്ട്. ഇതിനെല്ലാം ഒരവസാനം കുറിക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇത്തരം പരസ്യങ്ങൾ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നവോത്ഥാന മൂല്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് വളരെ ശാസ്ത്രീയമായി മുന്നേറിയെന്ന് അവകാശപ്പെടുന്ന കേരളീയ സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത രീതിയിലാണ് മാധ്യമങ്ങളിലൂടെ വിശേഷിച്ച് ദൃശ്യമാധ്യമങ്ങളിലൂടെ ഇത്തരത്തിലുള്ള പരസ്യങ്ങൾ വരുന്നത്. അതിനെതിരായി ജനങ്ങളെ ബോധവൽക്കരിക്കുകയെന്നതാണ് ഏറ്റവും പ്രധാനമായും ചെയ്യാനുള്ളത്. അത്തരം ബോധവൽക്കരണ പ്രക്രിയയിൽ എല്ലാപേരും ഒരുമിച്ച് സഹകരിക്കണം. നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളാരെങ്കിലും അത്

ഉപയോഗിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. അംഗങ്ങൾ അങ്ങനെ ഉപയോഗിക്കില്ലായെന്നും അത്തരം കാര്യങ്ങൾ സാമൂഹ്യവിരുദ്ധമാണെന്നും പറയാനുള്ള തന്റേടം കാണിക്കുകയും സമൂഹത്തിൽ അത് പ്രചരിപ്പിക്കാൻ തയ്യാറാകുകയും ചെയ്യണമെന്നാണ് പറയാനുള്ളത്. ഇപ്പോൾ അന്ധവിശ്വാസം കച്ചവടമാക്കി മാറ്റുകയാണ്. അതുകൊണ്ടാണ് മഹാലക്ഷ്മി യന്ത്രം വാങ്ങി വച്ചാൽ രോഗം ഭേദമാകും എന്നതരത്തിലുള്ള പരസ്യങ്ങൾ വരുന്നത്. അത്തരത്തിൽ പരസ്യപ്പെടുത്തികൊണ്ട് കച്ചവടത്വര കാണിക്കുന്നവർക്കെതിരെ ശക്തമായി സമൂഹം പ്രതികരിക്കേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ: അംഗങ്ങൾ അത് ഉപയോഗിക്കുന്നുണ്ടോയെന്നാണോ ചോദിച്ചത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അംഗങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. ശാസ്ത്രീയബോധമുളവാക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിനെതിരായ പ്രചരണത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കണമെന്നാണ് പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേന്ദ്രഗവൺമെന്റ് ആക്ട് പ്രകാരമാണ് ആയുർവേദ ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള പരസ്യങ്ങൾ നൽകുന്നതെന്നും അതുകൊണ്ട്

നമുക്ക് പരിമിതിയുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മുട്ടുവേദന പോലുള്ള അസുഖങ്ങൾക്ക് നൽകുന്ന ആയുർവേദ മരുന്നുകളെക്കുറിച്ച് പരസ്യം വരുന്നുണ്ട്. പക്ഷേ ഇതുപോലെയുള്ള പല മരുന്നിലും മെറ്റലിന്റെ അംശം അടങ്ങിയിട്ടുണ്ടെന്നാണ് പറയുന്നത്. അത്തരം മെറ്റൽ ഘടകങ്ങൾ കാരണം കിഡ്നിയുടെ പ്രവർത്തനം തന്നെ തകരാറിലായേക്കാം. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ കിഡ്നി സംബന്ധമായ അസുഖങ്ങൾ കൂടിവരികയാണ്. ഇത് വളരെ ഗൗരവകരമായ ഒരു വിഷയമാണ്. ഇതിനെതിരെ ഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് പരസ്യങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കണമെന്നാണ് പറയാനുള്ളത്. അത്യയധികം പരസ്യങ്ങളാണ് മാധ്യമങ്ങളിലൂടെ ഇതുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ട് ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് കുറച്ചുകൂടി ഗൗരവമായി ഈ വിഷയം എടുക്കണം. മെറ്റലിന്റെ അംശം ഇത്തരം മരുന്നുകളിൽ അടങ്ങിയിട്ടുണ്ടെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. 147 ഇനം മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഇത്തരത്തിലുള്ള ചില കാര്യങ്ങൾകൂടി പരിഗണനയിലുണ്ടായിരുന്നു. പരിശോധനകൾ കുറച്ചുകൂടി കർശനമാക്കാം. പുതിയ

കരട് വിജ്ഞാപനത്തിൽ ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഡ്രഗ്സ് കൺട്രോളർക്ക് നിശ്ചിത ഫീസ് ഒടുക്കി, നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് നൽകി പരിശോധനയ്ക്ക് ശേഷം മാത്രമേ രജിസ്ട്രേഷൻ കൊടുക്കാവൂ എന്ന വ്യവസ്ഥയുണ്ട്. അതുകൂടി പ്രാബല്യത്തിൽ വരുമ്പോൾ ഇത്തരം പരിശോധനകൾ കുറേക്കൂടി കർശനമാക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, പരസ്യത്തിൽ വരുന്ന മരുന്നുകളുടെ ഗുണനിലവാരം കർശനമായി പരിശോധിക്കാൻ ഒരു സംവിധാനമുണ്ടാകണം. ഗവൺമെന്റ് നിസ്സഹായമാണെന്ന തോന്നൽ ജനങ്ങൾക്കും പരസ്യം ചെയ്യുന്ന കമ്പനികൾക്കും ഉണ്ടാകരുത്. ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കുന്നുവെന്ന തോന്നൽ അവർക്കുണ്ടാകണം. അതുകൊണ്ട് ഗുണനിലവാരം പരിശോധിക്കാനുള്ള കർശനമായ സംവിധാനം ഉണ്ടാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇപ്പോൾതന്നെ ശക്തമായ പരിശോധന നടത്തുവാൻ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് നിസ്സഹായമല്ല പക്ഷേ നിലവിലുള്ള നിയമത്തിന്റെ സാധ്യതകൾ കുറവാണെന്നാണ് പറഞ്ഞത്. ഷെഡ്യൂൾ ജെ-യിൽ ആയുർവേദം ഉൾപ്പെട്ടിട്ടില്ല. ഇങ്ങനെയുള്ള

പരസ്യങ്ങൾ വരുന്നത് ആയുർവേദ മരുന്നുകളുടെ വിഭാഗത്തിലാണ്. ആയുർവേദ മരുന്നുകളെന്ന രീതിയിലാണ് അത് പ്രചരിപ്പിക്കുന്നത്. അത് പരിശോധിക്കാൻ നിയമത്തിന്റെ ശക്തമായ പിൻബലംകൂടി ആവശ്യമാണെന്നാണ് പറഞ്ഞത്. നിലവിലുള്ള സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി നല്ല രീതിയിലുള്ള പരിശോധന ഇപ്പോൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെയും ഈ നാടിന്റെയും ഉത്ക്കണ്ഠ പരിഗണിച്ചുകൊണ്ട് കുറേക്കൂടി ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഇന്ന് എല്ലാ ചാനലുകളിലും എഫ്.എം. റേഡിയോകളിലും സ്ഥിരം കാണുന്ന ഒരു പരസ്യമാണ് പതഞ്ജലി ആയുർവ്വേദ ഉൽപ്പന്നങ്ങൾ. അതിൽ ഒരു സ്വാമിയുടെ പരസ്യംകൂടി കൊടുത്തിട്ടുണ്ട്. ആ സ്വാമിതന്നെ ഫ്രോഡാണെന്നാണ് പറയുന്നത്. ഈ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ? ഈ പരസ്യം ഒരു വൈറലാവുകയും പതഞ്ജലി ഉൽപ്പന്നങ്ങൾ പലരും വാങ്ങി ഉപയോഗിക്കുന്നുമുണ്ട്. നേരത്തെ പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ചതുപോലെ ആൾക്കാരുടെ കിഡ്നി അടിച്ച് പോകുന്ന ഉൽപ്പന്നമാണോയെന്ന് അറിയില്ല. അതുകൊണ്ട് ഈ കേസ് ഗവൺമെന്റ് പ്രത്യേക പരിഗണന കൊടുത്ത് പരിശോധിക്കണം. കാരണം ഏറ്റവും കൂടുതൽ

പരസ്യങ്ങൾ ഈ പതഞ്ജലി ഉൽപ്പന്നങ്ങളുടേതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധാരാളം കമ്പനികൾ ഇത്തരത്തിലുള്ള പരസ്യങ്ങൾ നടത്തുന്നുണ്ട്. പതഞ്ജലിയുടെ ഏതെങ്കിലും മരുന്നുകൾ ഇത്തരത്തിലുള്ള അപകടമുണ്ടാക്കുന്നുവെന്ന പരാതി ലഭ്യമാകുന്ന മുറയ്ക്ക് പതഞ്ജലിയുടെ ഉൽപ്പന്നങ്ങളെക്കുറിച്ചും പരിശോധന നടത്തുന്നതും അങ്ങനെ തെളിഞ്ഞാൽ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ജനങ്ങളെ കബളിപ്പിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ കൊടുക്കില്ലായെന്ന് നിലപാടെടുക്കുന്ന മാധ്യമങ്ങളുമുണ്ട്. ഒരു മാധ്യമ പ്രവർത്തകയായിരുന്നപ്പോൾ ഇത്തരത്തിൽ വളരെ പ്രചാരത്തിൽ പരസ്യം കൊടുത്തുകൊണ്ടിരുന്ന കമ്പനികൾക്കെതിരെ വാർത്ത കൊടുത്തപ്പോൾ അര മണിക്കൂറിനുള്ളിൽതന്നെ ആ പരസ്യം തന്നുകൊണ്ടിരുന്നവരിൽ നിന്നും അങ്ങനെ കൊടുക്കരുതെന്ന് പറഞ്ഞ് വളരെ ശക്തമായ സമ്മർദ്ദമാണുണ്ടായത്. മറ്റ് പരസ്യങ്ങളും അവർ പിൻവലിക്കുമെന്ന് പറഞ്ഞു. ഞാൻ പറയുന്നത് ഇത്തരത്തിലുള്ള പരസ്യങ്ങളിലെ കാപട്യങ്ങൾ പുറത്ത് കൊണ്ടുവരാൻ ശ്രമിക്കുന്ന മാധ്യമങ്ങൾക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു പ്രോത്സാഹനം ഉണ്ടാകണം. കാരണം ബോധവൽക്കരണം വളരെ പ്രധാനപ്പെട്ടതാണ്. അതിൽ മാധ്യമങ്ങൾക്ക് വലിയ

പങ്ക് വഹിക്കുവാൻ കഴിയും. ഇത്തരം വാർത്തകൾ പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്ന മാധ്യമങ്ങൾക്ക് സർക്കാരിന്റെ പ്രോത്സാഹനം കൂടി ഉണ്ടാകേണ്ടതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ചത്. സ്വാഭാവികമായും പരസ്യത്തിൽ ആകൃഷ്ടരായിട്ടാണ് മാധ്യമങ്ങൾ ഇത്തരത്തിൽ പരസ്യപ്പെടുത്തുന്നത്. അതുകൊണ്ട് മാധ്യമ കമ്പനിയാണ് ആ കാര്യം മനസ്സിലാക്കേണ്ടത്. മാധ്യമ പ്രവർത്തകരെ മാത്രം ആ കാര്യത്തിൽ പറഞ്ഞതുകൊണ്ട് കാര്യമില്ല. ജനങ്ങൾക്ക് ദോഷകരമായ കാര്യങ്ങൾ പരസ്യപ്പെടുത്തിയിട്ട് കിട്ടുന്ന പണം വേണ്ടെന്ന് വയ്ക്കാൻ മാധ്യമ കമ്പനികൾ തയ്യാറാകണം. അങ്ങനെയുള്ള പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുമ്പോൾ അത് ജനങ്ങൾക്ക് ഉപദ്രവകരമായി മാറുമ്പോൾ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുതന്നെ നടപടി എടുക്കാനുള്ള സാധ്യത ഗവൺമെന്റ് ഉപയോഗപ്പെടുത്തും. എന്നാൽ നമ്മുടെ നാട്ടിൽ ജനങ്ങളെ കൊല്ലുന്ന അല്ലെങ്കിൽ ജനങ്ങൾക്ക് ആരോഗ്യപരമായി പ്രയാസങ്ങൾ ഉണ്ടാക്കുന്ന ഇത്തരം പരസ്യങ്ങൾ കൊടുക്കില്ലായെന്ന് ഉറപ്പുവരുത്തുവാൻ മാധ്യമ കമ്പനികൾ തയ്യാറാകണം. പരസ്യത്തിൽ മാത്രം ആകർഷിക്കപ്പെട്ടുകൊണ്ട് പരസ്യങ്ങൾ കൊടുക്കുന്നതിൽ

നിന്നും പിൻതിരിയണമെന്നാണ് അത്തരം മാധ്യമങ്ങളോട് പറയാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ മാധ്യമ പ്രവർത്തക കൂടി ആയതുകൊണ്ട് വളരെ നന്നായി ഈ കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഇത്തരമൊരു ചോദ്യം സഭയിൽ ഉന്നയിച്ചതിന് ഞാൻ അവരെ അഭിനന്ദിക്കുകയാണ്. ഇത് സമൂഹം ഒന്നടങ്കം അറിയേണ്ട വിഷയമാണ്. അതിനാൽ മാധ്യമങ്ങൾ ഇത്തരത്തിലുള്ള പരസ്യങ്ങളിൽനിന്നും പിൻമാറണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇന്ന് സംസ്ഥാനത്ത് ആയുർവേദ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് ലൈസൻസ് ആവശ്യമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ മാത്രമാണ് ആവശ്യമായിട്ടുള്ളത്. ആയുർവേദ മേഖലയിൽ നടക്കുന്ന വിവിധങ്ങളായിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആയുർവേദ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ആയുഷ് ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുകയും അതോടൊപ്പംതന്നെ ആയുഷ് പോളിസിക്ക് രൂപം കൊടുക്കുകയുമുണ്ടായി. ആയുർവേദ മേഖലയുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് ആയുർവേദ മേഖലയ്ക്ക് മാത്രമായി രൂപീകരിക്കണമെന്ന് അതിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് ഡ്രഗ്സ്

കൺട്രോളറുടെ കീഴിൽ ഒരു ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറാണ് കേരളത്തിന്റെ ആയുർവേദ മേഖലയുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. അവരുടെ കീഴിൽ വെറും ഏഴ് ഉദ്യോഗസ്ഥർ മാത്രമെയുള്ളൂ. അതുകൊണ്ട് ആയുഷ് പോളിസിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ  വിപുലമായ ആയുർവേദ മേഖലയ്ക്ക് മാത്രമായി ഒരു ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത്തരത്തിലുള്ള ചില കാര്യങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ വന്നിട്ടുണ്ട്. പക്ഷേ അതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാക്കിയിട്ടില്ല എന്നുള്ളതാണ് അവസ്ഥ. ഈ ഗവൺമെന്റ് സമഗ്രമായ ഒരു ആരോഗ്യ നയം പ്രഖ്യാപിക്കുന്നുണ്ട്. അലോപ്പതി, ആയുർവേദം, മോഡേൺ മെഡിസിൻ ഉൾപ്പെടെയുള്ള എല്ലാ മേഖലകളും അതിലുൾപ്പെടും. അതോടൊപ്പംതന്നെ  ഒരു ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഡ്രാഫ്റ്റും തയ്യാറായിട്ടുണ്ട്. അത് ഉടൻതന്നെ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കി മാറ്റാൻ സാധിക്കും.  അതുകൂടി നിലവിൽ വരുമ്പോൾ ഇത്തരത്തിലുള്ള സ്ഥാപനങ്ങളെയെല്ലാം  കുറെക്കൂടി നന്നായി നിയന്ത്രിക്കാൻ സാധിക്കും. ഏതായാലും അത്തരത്തിലുള്ള നടപടിക്രമങ്ങളുമായി

മുന്നോട്ട് പോകാനും അത് പ്രാവർത്തികമാക്കാനും തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം

(*303) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. കെ. ശശി:
ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കായി സംസ്ഥാനത്തു നിന്നുള്ള രാജ്യസഭ, ലോകസഭ എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനമുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ റെയിൽവേ അടക്കമുള്ള പൊതുമേഖലയിലെ കേന്ദ്ര നിക്ഷേപം കുറഞ്ഞുവരുന്നതും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കവും കേന്ദ്ര സർക്കാരിന്റെയും പാർലമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരത്തിന് സഹയാകരമായ വിധത്തിൽ ഇടപെടുന്നതിന് എം.പി.മാർക്ക് വേണ്ട നിർദ്ദേശവും സഹായവും നൽകുന്നുണ്ടോ;

(സി) റബ്ബർ ഉൾപ്പെടെയുള്ള വാണിജ്യ വിളകളുടെയും

സുഗന്ധവ്യഞ്ജനങ്ങളുടെയും വിലയിടിവ് തടയുന്ന വിഷയത്തിൽ എം.പി.മാരുടെ ഇടപെടൽ ശക്തിപ്പെടുത്തുവാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി സംസ്ഥാനത്തുനിന്നുള്ള ലോകസഭ, രാജ്യസഭ എം.പി.മാരുടെ സമ്മേളനം ചേരാറുണ്ട്. കേന്ദ്രസർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതും പാർലമെന്റ് സമ്മേളനങ്ങളിൽ ഉന്നയിക്കേണ്ടതും കേന്ദ്രഗവൺമെന്റിൽ follow up ആവശ്യമായതുമായ വിഷയങ്ങൾ പ്രസ്തുത സമ്മേളനങ്ങളിൽ ചർച്ച ചെയ്യാറുണ്ട്. സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുന്നതിന് എം.പി.മാർക്ക് വേണ്ട സഹായങ്ങൾ ചെയ്യാറുണ്ട്. എം.പി.മാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടിയുള്ള എം.പി. സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഇടപെടുന്നുണ്ട്. പാർലമെന്റിന്റെ ഈ വരുന്ന ശീതകാല സമ്മേളനത്തിന് മുന്നോടിയായി 28.10.2016-ന് എം.പി.മാരുടെ സമ്മേളനം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) റെയിൽവേ അടക്കമുള്ള കേന്ദ്ര പൊതുമേഖലാ നിക്ഷേപം സംസ്ഥാനത്ത്

കുറഞ്ഞുവരുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ 17.07.2016-ന് ചേർന്ന പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ ഇത്തരം കാര്യങ്ങൾ follow up ചെയ്യുന്നതിന് എം.പി.മാർക്ക് സർവ്വവിധ പിന്തുണയും സർക്കാർ വാഗ്ദാനം ചെയ്യുകയുണ്ടായി.

(സി) നടപടികൾ ഉണ്ടാകുന്നുണ്ട്. ഈ വിഷയവും 17.07.2016-ലെ എം.പി.മാരുടെ യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി. 28.10.2016-ലെ യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എം.പി. സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ശ്രദ്ധേയമാണ്. കഴിഞ്ഞ കാലങ്ങളിൽ അത് പരാജയമായിരുന്നു. അതിന്റെ ഫലമായാണ് വിഴിഞ്ഞം പദ്ധതിക്ക് കാലതാമസം നേരിട്ടത്. 2016 ജൂലൈ മാസത്തിലാണ് കുളച്ചൽ തുറമുഖ പദ്ധതിക്ക് കേന്ദ്രം അനുമതി നൽകിയത്. കുളച്ചൽ കേന്ദ്രപദ്ധതിയാണെന്നും വിഴിഞ്ഞം സംസ്ഥാന പദ്ധതിയാണെന്നുമുള്ള പരാമർശം തമിഴ്നാട്ടിൽനിന്നുപോലും ഉയർന്നു വരികയുണ്ടായി. ഇക്കാര്യത്തിൽ

കേരളത്തിലെ എം.പി.മാരുടെ കൂട്ടായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുന്നതിൽ വിജയം കണ്ടിട്ടുണ്ടോ; അക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടൽ നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിന്റെ പൊതുവായ താൽപര്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ കൂട്ടായും ഒറ്റയ്ക്കും ശ്രമിക്കുന്നത്. പക്ഷേ ചില കാര്യങ്ങളിൽ നമ്മുടെ താൽപര്യങ്ങൾ മാത്രം സംരക്ഷിക്കാൻ കഴിയാതെ വരും. അതാണിവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം. അത് എം.പി.മാരുടെ പ്രവർത്തനത്തിൽ ഉണ്ടായ കുറവുകൊണ്ടല്ല, മറിച്ച് കേന്ദ്രഗവൺമെന്റ് ഒരു നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുകയായിരുന്നു. വിഴിഞ്ഞത്തിനുപുറമെ കുളച്ചൽ കൂടി വേണമെന്ന നിലപാട് കേന്ദ്ര ഗവൺമെന്റിന്റേതാണ്. അക്കാര്യം തിരുത്തുന്നതിനുവേണ്ടി എം.പി.മാരും സംസ്ഥാന ഗവൺമെന്റും ശ്രമിച്ചെങ്കിലും അതിൽ വിജയിക്കാൻ സാധിച്ചില്ല. രണ്ടും യാഥാർത്ഥ്യമായി നിൽക്കട്ടെയെന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, നേമം കോച്ച് യാർഡ് പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തലസ്ഥാന നഗരിയുടെ ഔട്ടർ എന്നറിയപ്പെടുന്ന നേമം സ്റ്റേഷൻ നവീകരിക്കുക വഴി സെൻട്രൽ സ്റ്റേഷനിലെ തീവണ്ടികളുടെ തിരക്ക് ഒഴിവാക്കാൻ സാധിക്കും. റെയിൽവേ ബഡ്ജറ്റുകളിൽ പലപ്പോഴും വരുന്ന പ്രഖ്യാപനം നാം

ശ്രദ്ധിച്ചിട്ടുണ്ട്. റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അത് നേടിയെടുക്കുന്നതിനും ശ്രമിക്കുമോ? അതുപോലെതന്നെ കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ മുഖ്യമന്ത്രി നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നേടിയെടുക്കുന്നതിൽ നാം വിജയിക്കുകയുണ്ടായോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എം.പി.മാരെ ഇത്തരം കാര്യങ്ങളിൽ ഇടപെടുവിക്കുന്നതിനും അവർക്ക് എല്ലാ വിവരങ്ങളും നൽകുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. പ്രഖ്യാപിച്ച കാര്യങ്ങൾ നേടിയെടുക്കുന്നതിനുള്ള തുടർ ശ്രമങ്ങളും നടത്തിവരുന്നുണ്ട്. ഇനി ഏതെങ്കിലും കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, എം.പി. സെല്ലിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിന് ഉത്തരവാദപ്പെട്ട സംവിധാനമില്ലാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. എം.പി. സെല്ലിന്റെ പ്രവർത്തനത്തിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥൻ

തലപ്പത്തുണ്ടാകണം. കേന്ദ്രത്തിൽ സമർപ്പിച്ച കേരളത്തിന്റെ പ്രോജക്ടുകൾ pursue ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം. അതിനായി പാർലമെന്റ് അംഗങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യണം. ഇത്തരത്തിലുള്ള ഒരു കാര്യങ്ങളും എം.പി. സെല്ലുമായി ബന്ധപ്പെട്ട് നടക്കുന്നില്ല എന്നതാണ് വാസ്തവം. ആയതിനാൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കാൻ ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ചില കുറവുകൾ നേരത്തെ ഉണ്ടായിരുന്നു എന്നത് വസ്തുതയാണ്. ആ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇപ്പോൾ പ്രശ്നങ്ങൾക്ക് നല്ല രീതിയിൽ പരിഹാരമായിട്ടുണ്ടെങ്കിലും കുറവുകൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടു എന്ന് പറയാൻ സാധിക്കില്ല. അത് പരിഹരിക്കാനുള്ള ശ്രമം തുടരുകയാണ്.

ശ്രീ. പി.കെ. ശശി: സർ, ഇക്കാര്യങ്ങളിൽ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നിലപാട് ഏറെ സ്വാഗതാർഹമാണ്. റെയിൽവേ ബഡ്ജറ്റ് തന്നെ വേണ്ടായെന്ന തീരുമാനം വലിയ ആശങ്ക ഉളവാക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റ് നേരത്തെ അനുവദിച്ച പാലക്കാട് കോച്ച് ഫാക്ടറി ഉൾപ്പെടെയുള്ള ധാരാളം പ്രഖ്യാപനങ്ങൾ നിലവിലുണ്ട്. അവയെല്ലാം യാഥാർത്ഥ്യമാക്കുന്നതിനും റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ പ്രശ്നത്തിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ

ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുന്നതിനും ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ ഗൗരവം അർഹിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ റെയിൽ അപകടം സംഭവിക്കുകയുണ്ടായി. ഒട്ടേറെ സ്ഥലങ്ങളിൽ റെയിൽ അപകടത്തിലാണെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇത്തരത്തിൽ അപകടങ്ങൾ നിലനിൽക്കുന്നു എന്നത് അതീവ ആശങ്ക ഉളവാക്കുകയാണ്. സംസ്ഥാന സർക്കാർ റെയിൽവേ വകുപ്പുമന്ത്രിക്ക് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കത്തുകൾ അയച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കോച്ചുഫാക്ടറി എല്ലാ ഘട്ടത്തിലും ഉന്നയിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. തുടർന്നും സംസ്ഥാന സർക്കാർ ഇക്കാര്യം ഉന്നയിക്കുക തന്നെ ചെയ്യും.

ശ്രീ. എം. സ്വരാജിനുവേണ്ടി (ശ്രീ. കെ. വി. വിജയദാസ്): സർ, കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഇപ്പോഴും ഒരു പാഴ്വാക്കായി നിലനിൽക്കുന്ന സംഭവം നമുക്കെല്ലാവർക്കും അറിയാം. ഉദാഹരണത്തിന്

ഐ.ടി.ഐ., ആയുർവേദം എന്നിവ. ഇത് നിലനിൽക്കുമ്പോഴും ബി.ആർ.ജി.എഫ്. പദ്ധതി കേരളത്തിന് നഷ്ടപ്പെടുത്തി. നിർത്തി വയ്ക്കപ്പെട്ട ഐ.എ.വൈ.ക്ക് പകരമുള്ള പ്രധാനമന്ത്രി റോസ്ഗാർ യോജന വഴി ജനറൽ വീടുകൾക്ക് സ്ഥാനം നഷ്ടപ്പെട്ടു. റേഷനരി, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചു. ഇങ്ങനെ കേരളത്തോടുള്ള അവഗണന ഗൗരവമായ രീതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും അവകാശങ്ങൾ നേടിയെടുക്കാനും നടപടി സ്വീകരിക്കണം. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകയും നല്ല രീതിയിലുള്ള ഇടപെടൽ അവിടെ നടത്തുന്നുണ്ട്. ആ ഗവൺമെന്റുകൾ സംസ്ഥാന ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിയോഗിച്ചുകൊണ്ട് എം.പി. സെല്ലുമായും കേന്ദ്ര ഗവൺമെന്റുമായും ഒരു ലെയിസൺ വർക്ക് നടത്തി അവകാശങ്ങൾ നേടിയെടുക്കുന്നുണ്ട്. അത്തരത്തിൽ കേരള ഗവൺമെന്റും ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിശ്ചയിച്ച് ലെയിസൺ വർക്ക് നടത്തുന്നതിനും അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും സംയുക്തമായി ശ്രമിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അവഗണന അവസാനിപ്പിക്കാനും അല്പമെങ്കിലും നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയുന്ന പ്രവർത്തനത്തിന് രൂപം കൊടുക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ ചോദ്യത്തിന് പിന്നിലുള്ള വികാരം കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കാനുള്ള കാര്യങ്ങൾ നേടിയെടുക്കാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ്. അതിന് വലിയ മുൻഗണന തന്നെയാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. അതിന് ഉദ്യോഗസ്ഥരുടെ ഒരു ടീം പ്രത്യേകമായി ഡൽഹിയിൽ പോയിരിക്കേണ്ടതുണ്ടോ എന്ന കാര്യം സംശയകരമാണ്. എന്നാൽ കൃത്യമായ ഫോളോ അപ്പ് ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്. ഇന്നത്തെ കാലത്ത് ഫോളോ അപ്പിന് ഡൽഹിയിൽ തന്നെയുണ്ടാകണമെന്നില്ല. അത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്ന നിലതന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഡൽഹിയിലെ എം.പി. സെൽ വിപുലീകരിക്കാനുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് പ്രധാനമായും മറ്റ് സംസ്ഥാനങ്ങൾ സന്ദർശിക്കുമ്പോൾ കാണാൻ കഴിയുന്നത് രാജ്യത്ത് ഏറ്റവും കൂടുതൽ പ്ലാൻ ഫണ്ടിന് പുറമേയുള്ള പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിന് നൽകി ഫണ്ടുകൾ വാങ്ങുന്നത് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളും അതുപോലെ മറ്റ് സംസ്ഥാനങ്ങളുമാണ് എന്നാണ്. തീർച്ചയായിട്ടും നമ്മുടെ

സംസ്ഥാനത്തുനിന്നും ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചില്ലെങ്കിൽ പോലും ഇതിന്റെ കൃത്യമായ ഫോളോ അപ് കേരളാ ഹൗസ് കേന്ദ്രീകരിച്ചു കൊണ്ടുണ്ടാകണം. മറ്റ് സംസ്ഥാനങ്ങൾ ഇതുപോലുള്ള ഹൗസുകൾ കേന്ദ്രീകരിച്ചാണ് ഇത്തരം ഫോളോ അപ്പുകൾ നടത്താറുള്ളത്. അതുപോലെ കേരളാ ഹൗസ് കേന്ദ്രീകരിച്ചു കൊണ്ട് എം.പി. സെല്ലിനെ ശക്തിപ്പെടുത്തി ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോയാൽ തീർച്ചയായിട്ടും മറ്റ് സംസ്ഥാനങ്ങൾ ഫണ്ടുകൾ വാങ്ങുന്നതുപോലെ നമുക്കും കൂടുതൽ ഫണ്ട് ലഭിക്കാൻ ഇടവരുത്തും. അത്തരത്തിലുള്ള നീക്കത്തിന് പ്രാധാന്യം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കേരളാ ഹൗസ് ഇത്തരം കാര്യങ്ങളുടെ ഒരു കേന്ദ്രമായിട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ അത് കൂടുതൽ സജ്ജമാകേണ്ടതുണ്ട് എന്നുള്ള കാര്യം ശരിയാണ്. ചില ഉയർന്ന ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ, കുടുംബപരമായ പ്രശ്നങ്ങളാകാം, കുട്ടികളുടെ പഠിത്തമാകാം അങ്ങനെ പല കാര്യങ്ങളാകാം, അവർക്കുള്ള ഒരു ലാവണമായി കേരളാ ഹൗസ് മാറുന്ന അവസ്ഥയാണ് ഇപ്പോൾ കുറേക്കാലമായി തുടർന്ന് വരുന്നത്. ഇവിടെ പ്രകടിപ്പിച്ച വികാരം ശരിയാണ്. ഇത്തരം കാര്യങ്ങൾ കൃത്യമായി നടത്തിക്കൊണ്ടുപോകാൻ പറ്റുന്ന നിലയിലേക്ക് കാര്യങ്ങൾ മാറ്റുന്നതിനാണ്

ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനുതകുന്ന നടപടികൾ സർക്കാർ സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകൾ തയ്യാറാക്കി കൊടുത്താലല്ലേ പ്രോജക്ടുകൾക്ക് ഫോളോ അപ് ഉണ്ടാകൂ. ആ പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിൽ തന്നെ കുറവുകൾ സംഭവിക്കുന്നുണ്ട്. അതുകൊണ്ട് അവിടം മുതൽ തുടങ്ങേണ്ടതായിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സ് സ്ഥിതി ചെയ്യുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കൊരട്ടിയിലാണ്. അവിടെ അഞ്ഞൂറോളം തൊഴിലാളികൾ മുൻപ് പണിയെടുത്തിരുന്നു. ഇപ്പോൾ ഷിഫ്റ്റ് (1) ആയി അൻപതിൽ താഴെ തൊഴിലാളികളാണ് പണിയെടുക്കുന്നത്. അവർ കൂടി റിട്ടയർ ചെയ്താൽ ഈ സ്ഥാപനം അടച്ചുപൂട്ടുന്ന അവസ്ഥയിലാകും. നൂറോളം ഏക്കർ സ്ഥലമുള്ള ഇവിടെ പലതും കാട് പിടിച്ച് കിടക്കുകയാണ്. ഇതിന് മുൻപ് ആദരണീയയായ സുശീലാ ഗോപാലൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഈ സ്ഥലത്ത് നിന്നും 30 ഏക്കർ കിൻഫ്രയ്ക്ക് വേണ്ടി ഏറ്റെടുക്കുകയും അവിടെ ഇപ്പോൾ 35 സ്ഥാപനങ്ങൾ ഭംഗിയായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്ഥലം ഹൈവേയോട് ചേർന്നും എയർപോർട്ടിനടുത്തുമാണ്. പ്രസ്സിന്റെ വികസനത്തിനും കാട് പിടിച്ച് കിടക്കുന്ന

സ്ഥലം വ്യവസായ ആവശ്യങ്ങൾ ഉൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുംവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിച്ച് പോകണമെന്ന അഭിപ്രായം തന്നെയാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. എന്നാൽ ഇക്കാര്യത്തിൽ രണ്ട് തരം വീക്ഷണങ്ങളുണ്ടെന്ന് അറിയാമല്ലോ. സംസ്ഥാന ഗവൺമെന്റിന്റെ അതേ വീക്ഷണമല്ല പല കാര്യങ്ങളിലും കേന്ദ്ര ഗവൺമെന്റ് വച്ചുപുലർത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ആദ്യം ശ്രദ്ധിക്കേണ്ടത്. കേന്ദ്ര ഗവൺമെന്റ് തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയെടുക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് പറയുന്നത്. ഇവിടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പലതിന്റേയും കാര്യത്തിൽ അത്തരമൊരു സമീപനം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

## ഹരിതകേരളം കൺസോർഷ്യം

(*304) ശ്രീ.അടൂർ പ്രകാശ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഹരിതകേരളം കൺസോർഷ്യം വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വ്യകതമാക്കുമോ;

(ബി) സംസ്ഥാനത്ത് കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണം, ശുചീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഡി) ജലസ്രോതസ്സിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകിയിട്ടുള്ള ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിത കേരളം കൺസോർഷ്യം വഴി നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നൂറ് ദിന സമ്മാനമായി വിവിധ പദ്ധതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പ്രഖ്യാപിക്കുകയുണ്ടായി. നവംബർ 1-ന് മുൻപ് പദ്ധതികളൊക്കെ തയ്യാറാക്കി സമർപ്പിക്കാൻ വകുപ്പുതല സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. എന്നാൽ നാളിതുവരെ ഏതെങ്കിലുമൊരു സെക്രട്ടറി മുഖ്യമന്ത്രി ചെയർമാനായ എംപവേർഡ് കമ്മിറ്റിയുടെ മുൻപിൽ എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ നല്ല തരത്തിലുള്ള തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. വളരെ വിശദമായി പറയേണ്ടതുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അതിന് ധാരാളം സമയമെടുക്കേണ്ടി വരും. ആദ്യം പറയുന്നത് മാലിന്യ സംസ്കരണമാണ്. നമ്മുടെ നാടാകെ ഒന്നിച്ച് നീങ്ങേണ്ട ഒരു പ്രശ്നമാണത്. അത്തരത്തിൽ കാര്യങ്ങൾ നീക്കേണ്ടതായിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിൽ പങ്ക്

വഹിക്കേണ്ടതായിട്ടുണ്ട്. മുഴുവൻ ജനപ്രതിനിധികളും ബഹുജന പ്രസ്ഥാനങ്ങളും ഇതിന്റെ ഭാഗമായി മാറേണ്ടതുണ്ട്. വീടും പരിസരവും ഓഫീസും പരിസരവും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇപ്പോഴുള്ള മാലിന്യം സംസ്കരിക്കുക മാത്രമല്ല ഭാവിയിൽ ഉണ്ടാകുന്ന മാലിന്യങ്ങളും അപ്പപ്പോൾ സംസ്കരിക്കുന്നതിനുള്ള നിലപാടാണ് എടുക്കേണ്ടത്. അങ്ങനെ നമ്മുടെ നാടിനെ പൂർണ്ണമായും എല്ലാ തരത്തിലും വൃത്തിയുള്ള നാടാക്കി മാറ്റുന്നതിന് നമ്മളെല്ലാവരും ശ്രമിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതിന്റെ ഗൃഹപാഠങ്ങൾ ഏകദേശം തയ്യാറായിട്ടുണ്ട്. വിശദമായ പരിപാടികൾ തയ്യാറാക്കി വരുന്നുണ്ട്. അതിന് ശേഷമാണ് ഈ മിഷന്റെ യോഗവും മറ്റ് നടപടികളും ആരംഭിക്കുക. തയ്യാറെടുപ്പിന് ഒരു കുറവും സംഭവിക്കുന്നില്ല. നല്ല നിലയ്ക്കുതന്നെ അത് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതിയനുസരിച്ച് കേരളത്തിലെ മുഴുവൻ ആളുകൾക്കും, അതായത് രണ്ട് ലക്ഷത്തോളം വരുന്ന ആളുകൾക്ക് പാർപ്പിടമില്ലാത്ത അവസ്ഥയുണ്ട്, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് വേണ്ടി വരുന്ന അഞ്ച് വർഷക്കാലത്തിനുള്ളിൽ നടപടികൾ സ്വീകരിക്കും എന്നുള്ളതാണ് അങ്ങയുടെ പ്രസ്താവനയിൽ കാണാൻ

കഴിഞ്ഞത്. ഇതിനുവേണ്ടി ഭൂമിയുള്ളവർക്ക് വീട് നൽകണം, ഭൂമിയില്ലാത്തവർക്ക് ഭൂമി കണ്ടെത്തണം എന്നതൊരു പ്രധാനപ്പെട്ട കാര്യമാണ്. ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി നൽകുവാനും ഭൂമി കൈവശമുള്ളവർക്ക് വീടുകൾ നൽകുന്നതിന് വേണ്ടിയും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ആ നടപടികൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വീടില്ലാത്തവരുടെ പ്രശ്നങ്ങൾ വിവിധ തരത്തിലുള്ളതാണ്. ഒന്ന്, നമ്മുടെ സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ ഭാഗമായി ലഭിച്ച വീട്ടിൽ താമസിക്കാൻ സാധിക്കുന്നില്ല. രണ്ട്, വീട് വയ്ക്കാൻവേണ്ടി വായ്പയെടുത്തെങ്കിലും വീട് പൂർത്തിയാകാതെ മുടങ്ങി കിടക്കുകയാണ്. മൂന്ന്, സ്ഥലമുണ്ട് പക്ഷേ വീടില്ല. നാല്, സ്ഥലവും വീടുമില്ല. ഇത്തരത്തിൽ വിവിധ കാറ്റഗറിയാണ്. അങ്ങ് പറഞ്ഞ രണ്ട് ലക്ഷത്തോളമെന്ന് പറയുന്നത് സ്ഥലവും വീടും ഇല്ലാത്തവർ മാത്രമാണ്. ബാക്കിയുള്ളവർ മറ്റ് കാറ്റഗറിയിലാണ്. ഇവർക്കെല്ലാവർക്കും വീട് നൽകാൻ കഴിയണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന പേരിടാൻ കാരണം. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്ഥലം നൽകുന്നതിന് ധാരാളം സ്ഥലം ആവശ്യമായി വരുന്നതാണ്. അതിൽ ചില

പ്രശ്നങ്ങൾ സ്വാഭാവികമായും ഉണ്ടാകും. കാരണം താമസിക്കുന്ന സ്ഥലത്തുനിന്ന് വളരെ അകലെയുള്ള സ്ഥലം ഗവൺമെന്റ് നൽകിയിട്ട് അവിടെ പോയി താമസിക്കാൻ പറഞ്ഞാൽ ചിലർക്ക് ഇഷ്ടപ്പെടില്ല. അപ്പോൾ ഏറെക്കുറെ സൗകര്യപ്രദമായ സ്ഥലത്തായിരിക്കണം വീട് ഒരുക്കേണ്ടത്. കെട്ടിട സമുച്ചയം നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ നിലകളുള്ള കെട്ടിടങ്ങളിൽ താമസ സൗകര്യവും മറ്റെല്ലാവിധ സൗകര്യങ്ങളും ഒരുക്കും. വൈദ്യുതി, വെള്ളം, ശുചീകരണത്തിനുള്ള സൗകര്യങ്ങൾ, കുട്ടികൾക്കുള്ള പഠന മുറികൾ, പൊതുവിലുള്ള കമ്പ്യൂട്ടർ റൂമുകൾ എന്നീ എല്ലാ സംവിധാനങ്ങളും അവിടെ ഒരുക്കും. അതോടൊപ്പംതന്നെ പ്രായമായവരെ ചികിത്സിക്കാനുള്ള പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടാതെ പ്രായമായവർക്ക് പ്രത്യേകം സഹായം വേണമെങ്കിൽ അതും ഒരുക്കും. നമ്മുടെ സമൂഹത്തിന്റെ ആകെ ശേഷി ഉപയോഗിച്ചാൽ, വളരെ പാവപ്പെട്ട ആളുകളാണ് ഇത്തരം സ്ഥലങ്ങളിൽ താമസിക്കാൻ വരുന്നത്.........അധികം പറയേണ്ട അല്ലെ....അതാണ് ഞാൻ പറഞ്ഞത് പറഞ്ഞ് തുടങ്ങിയാൽ നീണ്ടുപോകുമെന്ന്.........

ശ്രീ. പി. ടി. തോമസ്: ചട്ടം ലംഘിക്കാൻ പാടില്ല. ചോദ്യോത്തര സമയം കഴിഞ്ഞിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് പറഞ്ഞ് അവസാനിപ്പിച്ചോളൂ.

<u>ശ്രീ. പിണറായി വിജയൻ</u>: നമുക്കെല്ലാവർക്കും കൂടി ഇത് വിജയിപ്പിക്കാം.

<u>മി. സ്പീക്കർ</u>: 9.30 വരെയാണ് ചോദ്യോത്തരവേളയെങ്കിലും ചെയറിന് ബോധ്യപ്പെടുകയാണെങ്കിൽ ഒന്നോ രണ്ടോ മിനിട്ട് അധികമെടുക്കുന്നതിന് വിരോധമില്ല. അതാണ് ചട്ടം.

ശ്രീ. എം. സ്വരാജിന്റെ ഒരു അടിയന്തര ചോദ്യത്തിന് നോട്ടീസ് എഴുതി നൽകിയിരുന്നു. അവിചാരിതമായ കാരണങ്ങളാൽ അദ്ദേഹത്തിന് ഇന്ന് സഭയിൽ ഹാജരാകാൻ സാധിക്കില്ല എന്ന് അറിയിച്ചിരിക്കുകയാണ്. ആ ചോദ്യം എടുക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)